കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വണ്ടൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.6/1/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.05-02-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്).

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

വണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വണ്ടൂർഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.3/19

നം കെ.എസ്.എ.എം.പി.എം.6/1/2020

തിയ്യതി:05-02-2020

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/01/2019 മുതൽ 05/12/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത്ത് .ആർ,ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.)

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-12-2019 മുതൽ 16-12-2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി പി അബ്ദുൾജലീൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| ശ്രീ. മുഹമ്മദ് സലീം ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സുജാത എം | ഓഡിറ്റർ |
| ശ്രീമതി.ശംസിയ കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.രോഷ്നി കെ ബാബു | 01.04.2018 മുതൽ 30.11.2018 വരെ |
| ശ്രീ.മാളിയേക്കൽ രാമചന്ദ്രൻ (പ്രസിഡണ്ടിന്റെ ചുമതല) | 01.12.18 മുതൽ 21.12.2018 വരെ |

| | |
|---|---|
| ശ്രീമതി. കെ കെ സാജിത | 22.12.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.വൈ. പി .മുഹമ്മദ് അഷ്‌റഫ് | 01.04.2018 മുതൽ 12.06.2018വരെ |
| ശ്രീ.അബ്ദുൾഷുക്കൂർ കെ (അധിക ചുമതല) | 13.06.2018 മുതൽ 16.10.2018 വരെയും<br>19.03.19 മുതൽ 31.03.2019 വരെയും |
| ശ്രീ.സജി .ടി ജി | 17.10.2018 മുതൽ 12.11.2018 വരെ |
| ശ്രീ.മമ്മദ് അബ്ദുൾലത്തീഫ് എൻ (അധിക ചുമതല) | 13.11.2018 മുതൽ 22.11.2018 വരെ |
| ശ്രീ.മജീദ് എം | 23.11.18 മുതൽ 18.03.2019 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അബ്ദുൾ റഷീദ് കെ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുബൈദ | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. ത്രേസ്യ റ്റി ജോർജ് | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.പി ബി സുനിൽ ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. മഞ്ജു എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷീനാലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അബ്ദുൾഷുക്കൂർ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.അനിൽകുമാർ നായർ | 01.04.2018 മുതൽ 06.01.2019 വരെ |
| | ഡോ. കെ എം രവി | 07.01.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | അതിബ പി ബി | 01.04.2018 മുതൽ 12.08.2018 വരെ |
| | ഷബാന യാസ്മിൻ കെ ടി | 13.08.2018 മുതൽ 31.03.2019 |
| അസിസ്റ്റന്റ്എഞ്ചിനീ യർ | ശ്രീമതി .ശരണ്യ വി പി | 01.04.2018 മുതൽ 18.06.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി .ഗ്രീഷ്മ<br>(അധിക ചുമതല) | 19.06.18 മുതൽ 15.07.18 വരെ |
| | ശ്രീമതി.ലയ ഒ പ്രകാശ് | 16.07.18 മുതൽ 03.01.19 വരെ |
| | ശ്രീമതി.ശ്രുതി എസ് | 04.01.19 മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 | |
| 12 | 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. | 1-12 | |
| 13 | ലേലം -ബൈലോ തയ്യാറാക്കിയിട്ടില്ല,GST ഈടാക്കിയിട്ടില്ല | 1- 13 | |
| 14 | ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ചുമത്തിയില്ല | 1-14 | |
| 15 | നികുതി നിർണ്ണയം - കെട്ടിടത്തിലെ മുഴുവൻ തറവിസ്തീർണ്ണവും പരിഗണിച്ചില്ല. | 1-15 | |
| 16 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 23,656/- രൂപ നഷ്ടം. | 1-16 | |
| 17 | കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു | 1-17 | |
| 18 | തെരുവ് വിളക്ക് പരിപാലനം - ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി.116578 രൂപ നഷ്ടം | 1-18 | |
| 19 | പെണ്ണാട് വിതരണം രേഖകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. | 1-19 | |
| 20 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-20 | |
| 21 | ഹോമിയോ ആശുപത്രി ചുറ്റുമതിൽ നിർമാണം എന്ന പ്രവൃത്തി | 1-21 | |

| | | | |
|---|---|---|---|
| | നടത്തിപ്പിലെ അപാകതകൾ | | |
| 22 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമല്ല. | 1-22 | |
| 23 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-23 | |
| 24 | തൊടിയാട്ട് പോയിൽ SC കോളനി കുടിവെള്ളപദ്ധതി എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-24 | |
| 25 | എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-25 | |
| 26 | TDS ഈടാക്കിയില്ല. | 1-26 | |
| 27 | പൊതുമരാമത്ത് പ്രവൃത്തി; പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ. | 1-27 | |
| 28 | പരിരക്ഷാ പദ്ധതി - അപാകതകൾ | 1-28 | |
| 29 | ഇ എം എസ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തില്ല. | 1-29 | |
| 30 | വൃദ്ധർക്ക് കട്ടിൽ -ഒരേ സമയത്ത് നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ വ്യത്യസ്ത വില നൽകി | 1-30 | |
| 31 | അനുപൂരക പോഷകാഹാരം പദ്ധതി (എ സി ) – ഫണ്ട് വിനിയോഗം ഫലപ്രദമായല്ല. | 1-31 | |
| ഭാഗം II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 32 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 23,656/- രൂപ നഷ്ടം. | 2-1 | |
| ഭാഗം III ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 33 | തെരുവ് വിളക്ക് പരിപാലനത്തിനു ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി.116578 രൂപ നഷ്ടം . | 3-1 | |
| 34 | ഹോമിയോ ആശുപത്രി ചുറ്റമതിൽ നിർമ്മാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 3-2 | |
| 35 | എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 3-3 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 | |
| 38 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-5 | |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-6 | |
| | | | |

| | | | |
|---|---|---|---|
| 42 | ഓഡിറ്റ് റിക്കവറി | 4-7 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 47 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | ------ | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 11.02.19തിയതിയിലെ 2-ാംതീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 22.05.2019 | ---- | ---- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,92,71,287 |
| വരവ് | 13,14,17,979 |
| ആകെ | 18,06,89,266 |
| ചെലവ് | 12,02,73,792 |
| നീക്കിയിരിപ്പ് | 6,04,15,474 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28290423 | 28290423 | 27226577 | 1063846 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16914000 | 16914000 | 13042673 | 3871327 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 640000 | 640000 | 420667 | 219333 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10095000 | 10095000 | 7250252 | 2844748 |
| സംരക്ഷണഗ്രാന്റ് | 0 | 6249000 | 6249000 | 2809066 | 3439934 |

| | | | | | |
|---|---|---|---|---|---|
| നോൺറോഡ് | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14307493 | 14307493 | 5658943 | 8648550 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 17469640 | 17469640 | 9975280 | 7494360 |
| എം.ജി.എൻ.ആർ.ഇ.എസ്. (അഡ്മിൻ) | 2596 | 409071 | 411667 | 401871 | 9796 |
| എം.ജിഎൻ.ആർ.ഇ.എസ്(ഇ എഫ് എം എസ് ) | 0 | 26518488 | 26518488 | 26518488 | 0 |
| ബി ഫണ്ട് | 0 | 79360120 | 79360120 | 79360120 | 0 |
| തനത് ഫണ്ട് ,വണ്ടൂർ സർവ്വീസ് സഹകരണബാങ്ക് | 42267658 | 12481225 | 54748883 | 7164060 | 47584823 |
| ട്രഷറി ടി എസ് ബി | 3436392 | 25675575 | 29111967 | 20622682 | 8489285 |
| തനത് ഫണ്ട് -എസ് ബി ഐ | 2973926 | 3968489 | 6942415 | 3520718 | 3421697 |
| എസ് ബി ഐ- ദുരിതാശ്വാസനിധി | 131877 | 12371 | 144248 | 100536 | 43712 |
| എസ് ബി ഐ-ലോൺ (ലൈഫ് ) | 1020 | 25815502 | 25814482 | 25803926 | 10556 |
| സാക്ഷരത | 927 | 0 | 927 | 56 | 871 |
| എസ് എസ് എ | 237919 | 8437 | 246356 | 0 | 246356 |
| എസ് ബി ഐ -ഇ പേമെന്റ് | 139865 | 464810 | 604675 | 0 | 604675 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 358 | 183328168 | 175 | 101115004 | 12 | 171 | 45 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2596 | 409071 | 411667 | 401871 | 9796 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 26518488 | 26518488 | 26518488 | 0 |
| ആകെ | 2596 | 26927559 | 26930155 | 26920359 | 9796 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 501120 | 280 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6151 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2.രശീതി പുസ്തകങ്ങളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/ പഞ്ചായത്ത് ഡയരക്ടറുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

4.സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക് വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇൻവോയിസിൽ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ഇൻവോയ്സ് കാൻസൽ ചെയ്യുകയോ ചെയ്യുന്നില്ല. ചില ഇനങ്ങളിൽ സാധനങ്ങൾ കൈപ്പറ്റിയവരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

5.അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

6. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

7.വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

8.പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2019 | 01.10.19 മുതൽ 31.10.19 വരെ | 19.11.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.2017 | 2012-13 മുതൽ 2015-16 വരെ | 11.04.17 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1)ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റമെന്റ് ഷെഡ്യൂൾ 1-6 ലും,ഷെഡ്യൂൾ 1-14(a)ലും രേഖപ്പെടുത്തിയ എം ജി എൻ ആർ ഇ ജി എസ് വിവരങ്ങൾ തമ്മിൽ പൊരുത്തമില്ല. അഡ്മിനി വരവു ചെലവു തുകകളിലും വ്യത്യാസമുണ്ട്.

2)തൊഴിൽ നികുതി (വ്യാപാരികൾ ) ഇനത്തിൽ തുക ലഭ്യമായതിന്റെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വാർഷികകണക്കിൽ ഈ ഇനത്തിൽ(7,66,516 രൂപ) തുക രേഖപ്പെടുത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല.

3) ഗ്രാമപഞ്ചായത്തിലെ മുഴവൻ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേറ്റമെന്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ഇനത്തിൽ ഡിമാന്റ് ,കളക്ഷൻ തുകയിൽ താഴെ പറയും പ്രകാരം വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലും തുക വ്യത്യാസം .

| | വാർഷിക കണക്ക് പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|---|
| ഡിമാൻറ് | 2,42,810 | 3,13,200 |
| കളക്ഷൻ | 2,42,810 | 3,13,200 |
| ബാലൻസ് | 0 | 0 |

5)ബസ് സ്റ്റാന്റ് രശീതി വരവ് ഇനത്തിൽ ഡിമാന്റ് ,കളക്ഷൻ തുകയിൽ താഴെ പറയും പ്രകാരം വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലും തുക വ്യത്യാസം .

| | വാർഷിക കണക്ക് പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|---|
| ഡിമാൻറ് | 40,500 | 1,40,500 |
| കളക്ഷൻ | 40,500 | 1,40,500 |
| ബാലൻസ് | 0 | 0 |

6)കംഫർട്ട് സ്റ്റേഷൻ വരവ് ഇനത്തിൽ 52,358 രൂപ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

7) അഡ്വാൻസ് രജിസ്റ്ററിൽ 3,52,000രൂപ അഡ്വാൻസ് നൽകിയത് കണ്ടെത്തി വിവരം പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് അക്കൗണ്ട് ചെയ്തിട്ടുമില്ല.

8)ലേലം ഡെപ്പോസിറ്റ് ഉൾപ്പെടെ മൂന്ന വർഷത്തിലധികമായ നിരവധി നിക്ഷേപങ്ങൾ ഉണ്ടെങ്കിലും,ആയവ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

9) 9,18,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് നൽകിയതായി ബി 18 ൽ രേഖപ്പെടുത്തിയിട്ടുണ്ട് . ആയത് പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10)ബാലൻസ് ഷീറ്റിൽ ബി 12 ആയി ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 3,000 രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ,വിവരം പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

11) ബാലൻസ് ഷീറ്റിൽ ബി 2ൽ ഡിസ്ട്രസ് റിലീഫ് ഫണ്ട് ഇനത്തിൽ 1,34,248 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ, ആയത് അക്കൗണ്ടിൽ (എസ് ബി ടി റിലീഫ് ഫണ്ട് ) നീക്കിയിരിപ്പ് 43,712 രൂപയാണ്.അപാകതയ്ക്ക് കാരണം വ്യക്തമല്ല.

12) 2017- 18 വർഷത്തെ വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

13) വസ്തു നികുതി കണക്കിൽ സഞ്ചയ സോഫ്റ്റ് വെയറിലും ,വാർഷിക കണക്കിലും, തുകകൾ പൊരുത്തപ്പെടുന്നില്ല. തുക വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

14)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

15) സ്റ്റയിൽ ചെക്ക് ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെടേണ്ട യഥാർത്ഥതുക രേഖകൾ പരിശോധിച്ചതിൽ പ്രകാരം 5865 (wscb തനത്ഫണ്ട് നം. 4172,ചെക്ക് നം. 31213/30.07.18)രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത ഇനത്തിൽ 17,152 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

# 1-12 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക്22.02.2019 ലെ 1ാം നമ്പർ തീരുമാന പ്രകാരമാണ് നിശ്ചയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 986 അപേക്ഷകരിൽ നിന്നായി 313200/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന

നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ.12/13.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല ,അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ലേലം -ബൈലോ തയ്യാറാക്കിയിട്ടില്ല,GST ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷൻ,ബസ് സ്റ്റാന്റ് ഫീസ് പിരിവ്, മുതലായവ 2018-19 വർഷത്തിൽ ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല.ലേല ഡയറി പ്രകാരം മണലിമ്മൽപാടം ബസ് സ്റ്റാന്റ് കോംപ്ലക്സ് റൂം നം 1 ശ്രീ അബ്ദു റഹിമാൻ എന്നവരും(5100) കാപ്പിൽ വനിത കൊപ്ര സംസ്കരണ യൂണിറ്റ് ശ്രീമതി ഹഫ്സത്ത് (5500)എന്നവരും 13.03.18ന് ലേലം കൊണ്ടതായും 21.03.2018ന് ലേലം സ്ഥിരപ്പെടുത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തുക അടവാക്കിയിട്ടില്ല, അങ്ങാടിപ്പൊയിൽ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ശ്രീ പ്രകാശ് അരിപ്ര എന്നവർ 35000 രൂപക്ക് ലേലം കൊണ്ടു എന്നാൽ30000 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത് ലേലത്തിമ്മേൽ പാട്ടക്കാരിൽ നിന്നും ഈടാക്കേണ്ട GST ഈടാക്കിയിട്ടുമില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | ഇനം | ലേലം കൊണ്ട വ്യക്തി | ലേലതുക | GST ഇനത്തിൽ ഈടാക്കേണ്ട തുക (@ 18%) |
|---|---|---|---|---|
| 1 | അങ്ങാടിപ്പൊയിൽ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | ശ്രീ. പ്രകാശ് അരിപ്ര | 35000 | 6300 |
| 2 | മണലിമ്മൽപാടം കംഫർട്ട് സ്റ്റേഷൻ | ശ്രീ. പ്രകാശ് അരിപ്ര | 32700 | 5886 |
| 3 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീ.അബ്ദുൽ അസീസ് | 140500 | 25290 |
| 4 | തെങ്ങുകളിലെ മേലനുഭവം | മുനീർ | 600 | 108 |
| 5 | കാപ്പിൽ അംഗൻവാടി കെട്ടിടം പൊളിച്ചു മാറ്റിയ ലേലം | ശ്രീ.മുഹമ്മദ് റാഫി | 5650 | 1017 |
| 6 | മണലിമ്മൽപാടം ബസ് സ്റ്റാന്റ് കോംപ്ളകസ് റൂം നം 1 | ശ്രീ.അബ്ദുറഹിമാൻ | 5100 | 918 |
| 7 | കാപ്പിൽ വനിത കൊപ്ര സംസ്കരണ യൂണിറ്റ് | ശ്രീമതി.ഹഫ്സത്ത് | 5500 | 990 |
| ആകെ | | | | 40509 |

തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ.20/16.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കിയതായി കാണുന്നില്ല.

1. XIV/327നമ്പർ കെട്ടിടത്തിൽ 2018-19 വർഷത്തിൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് എ.കെ.ബി ഇൻഡസ്ട്രീസ് എന്ന യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ശ്രീ . ബാബുരാജ്. എം.കെ, മാപ്പിളകുനിയിൽ ഹൗസ് എന്നിവർ ഡി & ഒ ലൈസൻസിനായി അപേക്ഷിക്കുകയും മേൽ ആവശ്യത്തിനായി ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട് ( 672/18-19) .എന്നാൽ പ്രസിഡന്റ് , ഇനായത്തുൽ ഇസ്ലാം കമ്മിറ്റി, പള്ളിക്കുന്ന് എന്നിവരുടെ ഉടമസ്ഥതയിലുള്ള

102 ച.മീറ്റർ തറവിസ്തീർണ്ണമുള്ള XIV/327നമ്പർ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം എന്ന ഉപയോഗത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 3 രൂപ നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. ഇത്തരത്തിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 1196/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 102 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 86x40) | 4080രൂപ |
| (-) ഇളവ് - 70 % (മേഖല10 +മേൽക്കൂര10+ കാലപ്പഴക്കം50) | 2856 രൂപ |
| (+) വർദ്ധനവ് - | ഇല്ല |
| ഈടാക്കേണ്ട വസ്തുനികുതി | 1224രൂപ |
| ഈടാക്കിയ വസ്തുനികുതി | 92രൂപ. |
| ഈടാക്കിയതിൽ കുറവ് | 1132രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1132 * 5%) | 57രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 5രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 52 രൂപ. |
| ആകെ നഷ്ടം (1132+ 52 ) | 1184 രൂപ. |

2. ചെറുകോട് നരേന്ദ്രൻ , അമ്പലപ്പടി എന്നവരുടെ ഉടമസ്ഥതയിലുള്ള XVIII/344 മുതൽ 360 വരെയുള്ള നമ്പർ കെട്ടിടത്തിൽ 12 റൂമുകളിൽ ലോഡ്ജ് നടത്തുന്നതിനായി രജിസ്ട്രേഷനായി അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ A7-L-01/2018-19 തിയതി.09.05.2018 പ്രകാരം HOTEL CITY PALACE RESIDENCY എന്ന പേരിൽ ലോഡ്ജിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലോഡ്ജ് നടത്തുന്നതിനായി ഉപയോഗിക്കുന്ന ഈ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചപ്പോൾ ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി ചുമത്തിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 18/344 | 51 ച.മീ | പാർപ്പിടം |
| 18/345 | 51 ച.മീ | പാർപ്പിടം |
| 18/346 | 51 ച.മീ | പാർപ്പിടം |
| 18/347 | 51 ച.മീ | പാർപ്പിടം |
| 18/348A | 31ച.മീ | വാണിജ്യം |
| 18/349 | 399ച.മീ | സൂപ്പർമാർക്കറ്റ് |
| 18/350 | 38ച.മീ | വാണിജ്യം |
| 18/351 | 29ച.മീ | വാണിജ്യം |
| 18/352 | 28ച.മീ | വാണിജ്യം |
| 18/353 | 28ച.മീ | വാണിജ്യം |
| 18/354 | 28ച.മീ | വാണിജ്യം |
| 18/355 | 28ച.മീ | വാണിജ്യം |
| 18/356 | 36ച.മീ | വാണിജ്യം |

| | | |
|---|---|---|
| 18/357 | 28ച.മീ | വാണിജ്യം |
| 18/358 | 28ച.മീ | വാണിജ്യം |
| 18/359 | 32ച.മീ | വാണിജ്യം |
| 18/360 | 98ച.മീ | വാണിജ്യം |

വിവിധ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| ഉപയോഗം | നിരക്ക് (ച.മീറ്ററിന്) |
|---|---|
| പാർപ്പിടം | 3 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ) | 30 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ളവ) | 60 |
| അസംബ്ലി കെട്ടിടം, ലോഡ്ജ്, ആഡിറ്റോറിയം | 40 |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07/12.12.2019 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-15 നികുതി നിർണ്ണയം - കെട്ടിടത്തിലെ മുഴുവൻ തറവിസ്തീർണ്ണവും പരിഗണിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ ഡോ.ടി.കെ.വീരാൻ, തണ്ടുപാറക്കൽ എന്നവർ നിർമ്മിച്ച വാണിജ്യകെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തിയതിൽ അപാകത കാണുന്നു.

| | |
|---|---|
| പെർമിറ്റ് വിവരം | A2-BA(30500/2018 Dtd.07.02.2018<br>577.30 m2 വാണിജ്യ കെട്ടിടം<br>Valid Upto- 06.02.2021 |
| നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം സംബന്ധിച്ച വിവരം | GF- 270.09 M2<br>FF- 307.21 M2<br>Total- 577.30 m2 |
| നികുതി ചുമത്തിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ( അസസ്മെന്റ് 10.07.2019 ) | 462 m2<br>15/612 A – E , 5*16m2= 80 m2<br>15/612 F – N, 8*17m2= 136m2<br>15/612 P- W, 7*22m2= 154 m2 ( 15/612T ഒഴികെ) |

| | |
|---|---|
| | 15/612T , 1* 92m2= 92m2<br>ആകെ = 462 m2 |

115.30 m2 തറവിസ്തീർണ്ണത്തിന് നികുതി ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/12.12.2019 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 23,656/- രൂപ നഷ്ടം.

സ്വകാര്യ ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചെയർമാൻ & ജനറൽ സെക്രട്ടറി, പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രം, വണ്ടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 480 ച.മീറ്റർ തറവിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻസ് വിനിയോഗത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 3 രൂപ / ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ (അസസ്മെന്റ് 3979/18 തിയതി.06.06.2018) 23,656/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | WP 14/761 A |
| തറവിസ്തീർണ്ണം | 480 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 480 x 40) | 19200 രൂപ |
| (-) ഇളവ് - ഇല്ല. | 0 |
| (+) വർദ്ധനവ് - 20 % (റോഡ്) | 3840 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 23040 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1728 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 21312 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (23040 x 5%) | 1152 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 87 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 1065 രൂപ. |
| നിർണ്ണയിക്കേണ്ട സേവനനികുതി (23040 x 6%) | 1383 രൂപ |
| നിർണ്ണയിച്ച സേവനനികുതി | 104 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1279 രൂപ. |
| ആകെ നഷ്ടം (21312 + 1065 + 1279 ) | 23656 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 23,656/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 9/20.12.2019 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-17 കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ 300 ചതുരശ്രമീറ്ററിൽ കൂടുതലുള്ള പാർപ്പിട വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് പരമാവധി 55 ആണ്. (ചട്ടം 35, ടേബിൾ 2, ക്രമനമ്പർ 1(b)). എന്നാൽ വണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദനീയ കവറേജ് അധികരിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണത്തിന് 10.04.2018 ലെ A2-BA(86866)/2018 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും | ശ്രീ.ജുനൈദ്.കെ.സി, അൽ ജസൈറ, എറിയാട്, പുന്നപ്പാല.പി.ഒ | |
| പ്ലോട്ട് ഏരിയ | 566 ച.മീ | |
| പ്ലിന്ത് ഏരിയ | ഗ്രൗണ്ട് ഫ്ലോർ (വാണിജ്യം) | 338.78 ച.മീ. |
| | ഫസ്റ്റ് ഫ്ലോർ (പാർപ്പിടം) | 323.37 ച.മീ. |
| | സെക്കന്റ് ഫ്ലോർ (പാർപ്പിടം) | 338.41 ച.മീ. |
| | ടെറസ് ഫ്ലോർ | 26.80 ച.മീ. |
| | ആകെ | 1017.36 ച.മീ |

കവറേജ് % = ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം / പ്ലോട്ട് വിസ്തീർണ്ണം = 338.78/566 * 100 = 59.85 %

ചട്ടം 34(iii) പ്രകാരം, ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള ഏതെങ്കിലുമൊരു കെട്ടിടത്തിന്റെ സംഗതിയിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറവിസ്തീർണ്ണാനുപാതവും വ്യാപ്തിയും അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പടുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ കെട്ടിടത്തിൽ 651.78 ച.മീറ്റർ റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മാണമായതിനാൽ ഗ്രൂപ്പ് A1 വിനിയോഗത്തിൽ ഉൾപ്പെടുത്തിയാണ് കവറേജ് കണക്കാക്കേണ്ടിയിരുന്നത്.

അനുവദനീയമായ കവറേജ് മറികടന്നുകൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 21/16.12.2019 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-18 തെരുവ് വിളക്ക് പരിപാലനം - ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി.116578 രൂപ നഷ്ടം

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തെരുവ് വിളക്ക് പരിപാലനത്തിന് ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി. ഓരോ പ്രൊജക്റ്റിന്റെയും നിർവ്വഹണ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 281/18-19 (സ്പിൽ ഓവർ) | 286/18-19, , 308/19-20 (സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ |
| അടങ്കൽ . | 495000 (തനത് ഫണ്ട്) | 200000 (തനത് ഫണ്ട്) |
| കരാറുകാരൻ | ഷംസുദ്ദീൻ . പി | ഷംസുദ്ദീൻ . പി |
| കരാർ നമ്പർ | Sec 1(1) തിയ്യതി 14.12.17 | 30/18-19 തിയ്യതി 15.5.18 |
| കരാർ കാലാവധി | ഒരു വർഷം (14.12.17 to | ഒരു വർഷം (15.5.18 to 14.5.19) |

| | | | | |
|---|---|---|---|---|
| | 13.12.18) | | | |
| കരാർ പ്രകാരം റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകൾ | വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും | | വണ്ടൂർ, വാണിയമ്പലം ടൗണുകളിലെ മുഴുവൻ തെരുവ് വിളക്കുകളും | |
| ചെലവ് വിവരം | വൗച്ചർ നമ്പർ | തുക | വൗച്ചർ നമ്പർ | തുക |
| കരാറുകാരന് നൽകിയത്. | 21800390/30.8.18<br>21900383/24.7.19 | 293905<br>193958 | 21900880/11.12.19 | 195774 |
| ആദായ നികുതി | 21800390/30.8.18<br>21900384/24.7.19 | 2969<br>1979 | 21900881/11.12.19 | 1998 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 21900385/24.7.19 | 1979 | 21900882/11.12.19 | 1998 |
| ആകെ | | 494790 | | 199770 |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (281/18-19) എന്ന പ്രൊജക്റ്റിലെ കരാർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ഷംസുദ്ദീൻ . പി വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും 14.12.2017 മുതൽ 13.12.2018 വരെ റിപ്പയർ ചെയ്യുന്നതിന് സമ്മതിച്ച് ഒപ്പ് വെച്ചിട്ടുള്ളതാണ്. ഈ കരാറിൽതന്നെ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ റിപ്പയറിന് ഈ കരാർ നിലനിൽക്കെ ഇതേ വ്യക്തിയുമായി 15.5.2018 ന് മറ്റൊരു പ്രൊജക്റ്റിന്റെ (പ്രൊജക്റ്റ് നമ്പർ 286/18-19) ഭാഗമായി വീണ്ടും കരാർ വെച്ച് പണം നൽകിയത് വഴി ആദ്യ കരാറിന്റെ പ്രാബല്യ കാലാവധിയായ 15.5.2018 മുതൽ 13.12.2018 വരെയുള്ള 213 ദിവസത്തെ ആനുപാതിക ചെലവ് 116578 രൂപ (199770 x 213/365) ഗ്രാമപഞ്ചായത്തിനു ധനനഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടതുക 116578 രൂപ വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിനു കരാർ വെച്ച് പണം നൽകിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിലെ ആദ്യബിൽ തുകയായ 296874 രൂപയിൽനിന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്ത് അടവാക്കിയിട്ടില്ല. കരാറുകാരനു അധികം നൽകിയ 2969 രൂപ ഈടാക്കി 1 % കളക്ഷൻ ചാർജ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ച് ബാക്കി തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കേണ്ടതാണ്.

3. വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിനു ശ്രീ. ഷംസുദ്ദീൻ . പി മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഈ ടെണ്ടർ അംഗീകരിക്കുന്നതിനു സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

4. രണ്ട് പ്രൊജക്റ്റുകളിലും പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 15/13.12.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ആദ്യ പ്രൊജക്റ്റിന്റെ ഒന്നാം ഘട്ടം തുടങ്ങിയപ്പോൾ 769 ലൈറ്റുകളുടെ റിപ്പയറിനു മാത്രമേ ഈ പ്രൊജക്റ്റിലെ അടങ്കൽ തികയുകയുള്ളൂ എന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാലാണ് രണ്ടാമത്തെ പ്രൊജക്റ്റ് തയ്യാറാക്കിയത് എന്നറിയിച്ചു. ഈ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

1. ആദ്യ പ്രൊജക്റ്റിന്റെ കരാറിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും റിപ്പയർ ചെയ്യാൻ കരാറുകാരൻ ഉടമ്പടി വെച്ചതാണ്. ഇതിൽ വണ്ടൂർ, വാണിയമ്പലം ടൗണുകളിലെ തെരുവ് വിളക്കുകൾ കൂടി ഉൾപ്പെടുന്നതും അതിൽ റിപ്പയർ ആവശ്യമായവ 13.12.2018 വരെ കരാറുകാരൻ ആദ്യ പ്രൊജക്ട് പ്രകാരം തന്നെ റിപ്പയർ ചെയ്തവയുമാണ്.

2.ആദ്യ കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ മുഴവൻ തെരുവ് വിളക്കുകളും റിപ്പയർ ചെയ്യാൻ കഴിയില്ലെന്നു കരാറുകാരൻ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയോ ആതിൻമേൽ സെക്രട്ടറി തുടർനടപടി സ്വീകരിക്കുകയോ ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

# 1-19 പെണ്ണാട് വിതരണം രേഖകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയലുകളിൽ അവശ്യം വേണ്ട രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തിയ രേഖകൾ പലതും പരസ്പരം പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പെണ്ണാട് വിതരണം വനിത, ജനറൽ. (34/18-19) എന്ന പ്രൊജക്റ്റിൽ വികസനഫണ്ട് 176000 രൂപ ബിൽ നമ്പർ 8228/7.12.2018 പ്രകാരവും ഗുണഭോക്തൃ വിഹിതം 176000 രൂപ ചെക്ക് നമ്പർ 5832541/17.12.18 പ്രകാരവുമായി ആകെ 352000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക താഴെ പറയുന്നവരുടെ അക്കൗണ്ടുകളിലേക്കാണ് നൽകിയിട്ടുള്ളത്.

| ബിൽ നമ്പർ / ചെക്ക് നമ്പർ | പണം കൈപറ്റുന്ന ആൾ | തുക |
|---|---|---|
| ബിൽ നമ്പർ 8228/7.12.2018<br>176000 രൂപ | ഷൗക്കത്തലി. പി | 136000 |
| | അബ്ദുൽ ഗഫൂർ എം. കെ | 16000 |
| | ജംഷീദ്. | 16000 |
| | മൂസ. | 8000 |
| ചെക്ക് നമ്പർ 5832541/17.12.2018<br>176000 രൂപ | ഷൗക്കത്തലി. പി | 136000 |
| | അബ്ദുൽ ഗഫൂർ എം. കെ | 16000 |
| | ജംഷീദ്. | 16000 |
| | മൂസ. | 8000 |

1. ഓരോ വൗച്ചറിനോടൊപ്പവും അതാതു വൗച്ചറുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. പരിശോധനക്ക് ലഭ്യമാക്കിയ ഫയലിനോടൊപ്പം സൂക്ഷിച്ച ആട് വിതരണ രേഖകൾ പ്രകാരം മുകളിൽ പറഞ്ഞ പണം കൈപറ്റിയ ആളുകളല്ല പല ഗുണഭോക്താക്കൾക്കും ആട് നൽകിയത് എന്നു കാണുന്നു.

| Sl.No. | ഗുണഭോക്താക്കൾ | ആട് വിൽപ്പന നടത്തിയ വ്യക്തി. |
|---|---|---|
| 1 | റജീന | അബ്ദുൽ ഗഫൂർ എം. കെ |
| 2 | കദീജ | അബ്ദുൽ ഗഫൂർ എം. കെ |
| 3 | രാധാ നെച്ചിവീട്ടിൽ | രമണി. പി |
| 4 | മൈമൂന മാവുങ്ങൽ | ജംഷീദ്. |
| 5 | ലൈല എം.കെ | ജംഷീദ്. |
| 6 | നസീമ കെ | ജംഷീദ്. |
| 7 | ദേവകി.കെ | ഗുണഭോക്താക്കൾക്ക് ആട് കൈമാറിയത് ആരാണെന്ന വിവരം ലഭ്യമല്ല. |
| 8 | ഗീത പരിയാരത്ത് | |
| | | |

| | | |
|---|---|---|
| 9 | റജീന പുളിക്കൽ | |
| 10 | ഗൗരി. എം | |
| 11 | സൗദാമിനി | |
| 12 | സുമയ്യ .പി | |
| 13 | രജനി. പി | |
| 14 | ഷൈലജ. പി | |
| 15 | ഗീത. പി. വി | |
| 16 | ദീപ | മുഹമ്മദ് ഷഫീക്ക് |
| 17 | സുനിത എൻ.എസ് | റിഗേഷ് |
| 18 | ശോഭന | |
| 19 | സുലോചന | |
| 20 | പാത്തുമ്മക്കുട്ടി | ഫിറോസ് ഖാൻ |
| 21 | അസീനമോൾ | അബ്ദിൽ റസാഖ് |

3. ഗുണഭോക്താക്കളും ആട് വിൽപ്പന നടത്തിയ വ്യക്തികളും ഒപ്പ് വെച്ച പ്രസ്താവനകൾ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയത്. ഈ വിവരങ്ങളുടെ ആധികാരികത ഉറപ്പ് വരുത്തുന്നതിനു പർച്ചേസിംഗ് കമ്മിറ്റിയുടെ റിപ്പേർട്ടോ വെറ്റിനറി സർജന്റെ സാക്ഷ്യപത്രമോ ലഭ്യമല്ല.

4. 352000 രൂപ ആകെ 22 ഗുണഭോക്താക്കൾക്ക് ആട് വിതരണം ചെയ്യുന്നതിനുള്ള തുകയാണ്. എന്നാൽ 21 ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. 12000 രൂപയുടെ ചെലവ് രേഖ ലഭ്യമല്ല.

അപാകതകൾ പരിഹരിക്കാൻ ആവശ്യമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ 5/12.11.12 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും 12000 രൂപ യുടെ ചെലവ് രേഖ ലഭ്യമല്ല എങ്കിൽ ആയത് തിരിച്ചടക്കേണ്ടതുമാണ്.

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (9/19) പ്രോജക്ടിന്റെ ഭാഗമായി 2,00,000/-രൂപ മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോ ക്ക് നൽകിയിട്ടുണ്ട് ( ബി.നം. 1/18-19 തിയതി.12.10.2018) . PF 560/28.08.2018 പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് മുൻകൂറായി തുക അടവാക്കിയിട്ടുള്ളത്. എന്നാൽ 1,69,990 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സിന്റെ വിവരം | തുക |
|---|---|---|
| 1 | LF744/03.08.2019 | 81,341/- |
| 2 | LF 1472/20.11.2019 | 88,649/- |
| ആകെ ലഭ്യമായ മരുന്ന് | | 1,69,990/- |

30,010/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാനുണ്ട്. മരുന്ന് ലഭ്യമായതിന്റെ സ്റ്റോക്ക്,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഹോമിയോ ആശുപത്രി ചുറ്റുമതിൽ നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: ഹോമിയോ ആശുപത്രി ചുറ്റുമതിൽ നിർമാണം 367/18, 363/19

| | |
|---|---|
| അടങ്കൽ: | 250000 രൂപ |
| കരാറുകാരൻ: | ശ്രീ നൂറുൽ ഹസ്സൻ കെ ടി |
| കരാർ: | 161/AE/LSGD/WDR/68/17-18/23-3-18 ( 0.2% കുറവ് ) |
| അളവ് പുസ്തകം: | നംപർ ഇല്ല |
| ചെലവ്: | 249500 രൂപ (ബിൽ 53/18-19/27-11-18) |
| മൂല്യനിർണ്ണയം: | 250000 |
| (-) 0.2% ടെണ്ടർ കുറവ് | 500 |
| ബാക്കി: | 249500 |
| (-) നികുതി2% | 4990 |
| കരാറുകാരന്: | 244510 |

52.90 മീറ്റർ നീളത്തിൽ 1.50 മീറ്റർ ഉയരത്തിൽ മതിൽ നിർമിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്റ്റ്.

എന്നാൽ 52.90 മീറ്റർ നീളത്തിലാണ് മതിൽ നിർമിച്ചതെങ്കിലും ആയതിൽ കൂടുതൽ ചെയ്തതിന് കരാറുകാരന് 15051 രൂപ അധികം നൽകിയിട്ടുണ്ട്. 12-12-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിലും മതിലിന്റെ നീളത്തിലുള്ള വ്യത്യാസം നേരിൽ ബോധ്യപ്പെടുകയും ഓവർസീയർ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് .മേൽ പ്രകാരം അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/13-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 15051 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതുമാണ്. വിശദാംശത്തിന് ഭാഗം 3 കാണുക.

# 1-22 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , വണ്ടൂർ ഗ്രാമപഞ്ചായത്ത് 2018-19 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/09-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക എത്രയെന്ന് തിട്ടപ്പെടുത്തി ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി /അസി.സെക്രട്ടറി

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ

online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്ത് 2018-19 വരെ സെക്രട്ടറി /അസി.സെക്രട്ടറി നടപ്പിലാക്കിയ ഇ-ടെണ്ടർ ചെയ്ത പദ്ധതികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ഗ്രാമപഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ നംപർ നം14/13-12-19 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക എത്രയെന്ന് തിട്ടപ്പെടുത്തി ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പകൽവീട് പൂർത്തീകരണം 200/18, 310/19

| | |
|---|---|
| അടങ്കൽ: | 1000000 രൂപ(വി.ഫ) |
| കരാറുകാരൻ : | നൂറുൽ ഹസ്സൻ |
| കരാർ: | 173/AELSGD/WDR/17-18/28-3-18 |
| അളവ് പുസ്തകം: | 145/17-18, 146/17-18. |
| മൂല്യനിർണ്ണയം(net): | 929148( ബിൽ നംപർ 59/18-19/29-1-19/19-3-19) |
| IT(1%) | 9291 |
| WF(1%) | 9291 |
| കരാറുകാരന്: | 910566 രൂപ |

ഇനം (E11) പ്രകാരം 24.96 m2 വിസ്തീർണ്ണത്തിൽ 0.35mm G I colour powder coated traffored sheet മേഞ്ഞതിന് 623.50/m2 നിരക്കിൽ 15562.56 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 12-12-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.30 mm sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാവുകയും ഓവർസീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2) GLPS പൂക്കുളം ക്ലാസ്സ് റൂം പുനരുദ്ധാരണം

| | |
|---|---|
| അടങ്കൽ: | 498000 രൂപ |
| കരാറുകാരൻ : | നൂറുൽ ഹസ്സൻ |
| കരാർ: | 25/AELSGD/WDR/18-19/30-11-18 (21.10% കുറവ്) |
| അളവ് പുസ്തകം: | 103/19 |
| മൂല്യനിർണ്ണയം(net): | 479006.85 |
| (-) 21.10% | 101070.45 |
| ബാക്കി | 377936 |
| നികുതി | 15116 |
| കരാറുകാരന്: | 362820രൂപ (252936(o.f) വൗച്ചർ നംപർ 138/30-3-19) ,109884 തൻവർഷം നൽകിയിട്ടില്ല.) |

ഇനം (2) പ്രകാരം 119.764 m2 വിസ്തീർണ്ണത്തിൽ 0.35mm G I colour powder coated traffored sheet മേഞ്ഞതിന് 618.43/m2 നിരക്കിൽ 74065.65 രൂപ നൽകിയതിൽ 7.90*3.10=24.490 അളവും ഉൾപ്പെടുന്നുണ്ട്. 12-12-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.30 mm sheet ഉപയോഗിച്ചാണ് മേൽ അളവ് മേഞ്ഞിട്ടുള്ളതെന്നും ആയത് തന്നെ 7.90*2.63= 20.78 m2 മാത്രമാണ് മേഞ്ഞിട്ടുള്ളത് എന്നും വ്യക്തമായി. മാത്രമല്ല, പഴയ ഷീറ്റ് ഉപയോഗിച്ച് മേഞ്ഞതായാണ് കണ്ടത്. ഒന്നിലധികം ഇനം ഷീറ്റ് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ വ്യക്തമാവുകയും ഓവർസീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 18/13-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഗുണനിലവാരം കുറഞ്ഞ ഷീറ്റ് പൊളിച്ചുമാറ്റി എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് മേഞ്ഞ് അക്കാര്യം അറിയിക്കേണ്ടതുമാണ്.

## 1-24 തൊടിയാട്ട് പോയിൽ SC കോളനി കുടിവെള്ളപദ്ധതി എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| | |
|---|---|
| പ്രവൃത്തി: | തൊടിയാട്ട് പോയിൽ SC കോളനി കുടിവെള്ളപദ്ധതി 245/18, 321/19 |
| അടങ്കൽ: | 200000 രൂപ |
| കരാറുകാരൻ: | ശ്രീ അബ്ദുട്ടി |
| കരാർ: | 48/AE/LSGD/WDR/17-18/29-11-17 ( 0.1% കുറവ് ) |
| അളവ് പുസ്തകം: | 111/17-18,112/17-18 |
| ചെലവ്: | 199285 രൂപ (ബിൽ 29/18-19/28-7-18) |
| മൂല്യനിർണ്ണയം: | 199484.90 |
| (-) 0.1% ടെണ്ടർ കുറവ് | 199.48 |
| ബാക്കി: | 199285 |
| (-) നികുതി2% | 3986 |
| കരാറുകാരന്: | 195299 |

6.00 മീറ്റർ താഴ്ചയിൽ കിണർകുഴിച്ച് റിംഗ് വാർത്ത് മുകളിൽ ഗ്രിൽ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള മേൽ പദ്ധതി റിവൈസ് ചെയ്ത് ഗ്രിൽ സ്ഥാപിക്കൽ ഒഴിവാക്കുകയും engaging man mazdoor for work എന്ന ഇനം E1 ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) കിണർ കുഴിക്കൽ, റിംഗ് വാർക്കൽ,കിണറിന് ചുറ്റും 1.05 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യൽ എന്നിവ ഉൾപ്പെട്ട ഈ പ്രവൃത്തിയിൽ man mazdoor നെ ഉപയോഗിക്കേണ്ട യാതൊരു പ്രവൃത്തിയും കാണുന്നില്ല. മാത്രമല്ല, പ്രവത്തി സമയത്ത് കിണറിൽനിന്ന് വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന്ന് മണിക്കൂറിന് 202.38 രൂപ പ്രകാരം 64 മണിക്കൂർ ചെയ്തതിന് 12952.32 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ഡെയലി ലേബർ

റിപ്പോർട്ടിൽ തൊഴിലാളിയുടെ എണ്ണമല്ലാതെ മറ്റു വിശദാംശം ചേർത്തിട്ടുമില്ല. ആയതിനാൽ man mazdoor നെ ഉപയോഗിച്ചതിന് 11385.94 രൂപ (19*599.26) നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

2) കിണർ കുഴിച്ച സ്ഥലം ഗ്രാമപ്പഞ്ചായത്തിന് വിട്ട് നൽകിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 23/16-12-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ ക്രമനമ്പർ (1) പ്രകാരം നൽകിയ 11375രൂപ (11385.94-0.1%) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതുമാണ്. കൂടാതെ ക്രമ നമ്പർ (2) അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

# 1-25 എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| | |
|---|---|
| പ്രവൃത്തി: | എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം 242/18, 320/19 |
| അടങ്കൽ: | 120000 രൂപ |
| കരാറുകാരൻ: | ശ്രീ ഖാലിദ് പി |
| കരാർ: | 69/AE/LSGD/WDR/17-18/4-12-17 ( 0.3% കുറവ് ) |
| അളവ് പുസ്തകം: | നംപർ ഇല്ല |
| ചെലവ്: | 117763 രൂപ (ബിൽ 45/18-19/10-0-18) |
| മൂല്യനിർണ്ണയം: | 118090.23 |
| (-) 0.3% ടെണ്ടർ കുറവ് | 354.27 |
| ബാക്കി: | 117763 |
| (-) നികുതി2% | 2356 |
| കരാറുകാരന്: | 115407 |

നിലവിലുള്ള കുടിവെള്ളപദ്ധതിയുടെ മോട്ടോർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ളതാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽ പ്രവൃത്തിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ടി ഇനം E4 പ്രകാരം കരാറുകാരന് 12000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ വൈദ്യുതി കണക്ഷൻ ഉള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ടി തുക നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. മാത്രമല്ല, 12000 രൂപയുടെ ചെലവിന്നാധാരമായ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

2) പഴയ മോട്ടോർ എന്ത് ചെയ്തുവെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 22/16-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ ക്രമനംപർ (1) പ്രകാരം നൽകിയ 11964രൂപ (12000-0.3%) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. കൂടാതെ ക്രമ നംപർ (2) അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-26 TDS ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന 250000 രൂപയ്ക്ക് മുകളിലുള്ള പേമെന്റുകളിൽ നിന്നും 2% TDSഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDSഈടാക്കിയിട്ടില്ല. വിശദാംശം താഴെ കോട്ടുക്കുന്നു.

| ക്ര. നം | പ്രോജക്ട് വിശദാംശം | തുക | ബിൽ നംപർ/ തീയതി | TDS കുറവ് ചെയ്യേണ്ടത് |
|---|---|---|---|---|
| 1 | പകൽവീട് പൂർത്തീകരണം 200/18, 310/19<br>അടങ്കൽ: 1000000 രൂപ(വി.ഫ)<br>കരാറുകാരൻ : നൂറുൽ ഹസ്സൻ<br>കരാർ: 173/AELSGD/WDR/17-18/28-3-18<br>അളവ് പുസ്തകം: 145/17-18, 146/17-18.<br>മൂല്യനിർണ്ണയം(net): 929148<br>IT(1%) 9291<br>WF(1%) 9291<br>കരാറുകാരന്: 910566 രൂപ | 929148 | 59/18-19/29-1-19/19-3-19 | 18582 രൂപ |
| 2 | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് സംരക്ഷണം385/18, 370/19.<br>അടങ്കൽ: 1495000 രൂപ(ത.ഫ)<br>കരാറുകാരൻ : നൂറുൽ ഹസ്സൻ<br>കരാർ: 172/AELSGD/WDR/17-18/28-3-18<br>അളവ് പുസ്തകം: നംപർ ഇല്ല.<br>മൂല്യനിർണ്ണയം(net): 1360845<br>IT(1%) 13608<br>WF(1%) 13608<br>കരാറുകാരന്: 1333629 രൂപ | 1360845 | വൗച്ചർ നംപർ: 53/18-19/27-12-18 | 27216 രൂപ |
| | ആകെ | | | 45798 രൂപ. |

2% TDSഈടാക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/13-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും കരാറുകാർക്ക് അധികം നൽകിയ 45798 രൂപ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-27 പൊതുമരാമത്ത് പ്രവൃത്തി; പദ്ധതി

# രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ.

ഓഡിറ്റ് വർഷം വണ്ടൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 308പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 136 എണ്ണമാണ് നിർവഹണം നടത്തിയത്(44.15%). ബാക്കി 172 എണ്ണവും നിർവ്വഹണം നടത്തിയിട്ടില്ല . പ്രോജക്ടുകളുടെ ആകെ അടങ്കൽ 65561788/- രൂപയാണ്. ചെലവഴിക്കാനായത് കേവലം 24843075/- രൂപയും. അതായത് 37.89 ശതമാനം മാത്രം. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 4.072 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല . പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.വാർഷിക പദ്ധതികൾക്ക് തുടക്കത്തിലേ അംഗീകാരം ലഭ്യമാവുന്നുണ്ടെങ്കിലും നിർവ്വഹണം വാർഷാവസാനത്തിലേക്ക് നീട്ടിക്കൊണ്ട് പോയി നിർവ്വഹണോദ്ധ്യോഗസ്ഥനെ സമ്മർദ്ധത്തിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സൈറ്റിൽ എത്താൻ പോലും നിർവ്വഹണോദ്യോഗസ്ഥന് കഴിയുന്നില്ല എന്ന് കാണുന്നു. ഓഡിറ്റ് വർഷം ആകെ 68 പദ്ധതികളാണ് റിവൈസ് ചെയ്തിട്ടുള്ളത്. ആയതിൽതന്നെ കൂടുതൽ റോഡ് ടാറിംഗ് പദ്ധതികളാണ്. റിവൈസ് ചെയ്യാനുള്ള കാരണമായി പറഞ്ഞിട്ടുള്ളത് " റോഡ് റോളർ കയറാനുള്ള വീതി ഇല്ലാത്തതിനാൽ ടാറിംഗിന് പകരം കോൺക്രീറ്റ് ആക്കാൻ തീരുമാനിച്ചു" എന്നാണ്. ഇതിൽ നിന്ന് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സൈറ്റിൽ എത്താൻ പോലും നിർവ്വഹണോദ്യോഗസ്ഥന് കഴിയുന്നില്ല എന്ന് വ്യക്തമാവുന്നു.

താഴെ പറയുന്ന പട്ടിക കാണുക.

| ഇനം | അംഗീകാരം നേടിയത് | നടപ്പിലാക്കിയത് | ശതമാനം |
|---|---|---|---|
| ഒരു ലക്ഷത്തിൽ താഴെ അടങ്കലുള്ള റോഡ് ടാറിംഗ് പ്രവത്തി | 27 | 17 | 62 |
| ഒരു ലക്ഷത്തിൽ താഴെ അടങ്കലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവത്തി | 12 | 11 | 91 |
| കുടിവെള്ള പദ്ധതികൾ | 57 | 12 | 21 |
| സ്പിൽ ഓവർ പദ്ധതികൾ | 97 | 59 | 61 |

യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത മുൻ വർഷങ്ങളിൽ ആവർത്തിച്ച്

ബോധ്യപ്പെടുത്തിയിട്ടും , ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഒരുക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്,വികസനസ്റ്റാന്റിംഗ് കമ്മറ്റി എന്നിവയും 40718713 രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ പൊതുസമൂഹത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയതിൽ തുല്യപങ്കാളികളാണ്.

തൻ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 97 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ 38 പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. . സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല തൻ വർഷം നടപ്പിലാക്കാത്ത 172 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായതായും വ്യക്തമാവുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മറ്റു അപാകതകൾ.
1.ടെൻണ്ടർ ഫോം,അളവ് പുസ്തകം എന്നിവയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല,

2.അളവ് പുസ്തകത്തിന് നംപർ നൽകുന്നില്ല. പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുമ്പോൾ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

3.നിർവ്വഹണം നടത്തി തുക അനുവദിച്ച ഒരു പ്രവർത്തിയുടെയും മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല

4.ഇ-ടെൻണ്ടർ ടെൻണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല
മേൽ അപാകതകൾ ക്ക് വിശദീകരണം നൽകേണ്ടതാണ്.

5.റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

6.കൺവീനർ പ്രവർത്തിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് സൂക്ഷിച്ചിട്ടില്ല
7.കൺവീനർ പ്രവർത്തികളുടെ മസ്റ്റർ റോൾ എൻജിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല
8.റോഡ് പ്രവർത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല
9.എംബുക്കിൽ മെറ്റീരിയൽ സ്റ്റോക്ക് അക്കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല
10.കൺവീനർ പ്രവർത്തികൾക്ക് സംയുക്ത പാൻകാർഡ് എടുക്കുന്നില്ല
11.ഒരു സ്ഥലത്തെ ഒരേ തരം പ്രവർത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട് .

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 24/16-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ അപാകതകൾ വിശദമാക്കേണ്ടതുമാണ്.

# 1-28 പരിരക്ഷാ പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ - 21/2019

വിനിയോഗിച്ച തുക – 5,38,639 രൂപ(പ്ളാൻ )

നിർവ്വഹണം - മെഡിക്കൾ ഓഫീസർ (അലോപ്പതി )

ബിൽ നം. 1/18-19 തി. 30.06.2018 – 30,000 രൂപ

ബിൽ നം. 2/18-19 തി. 30.07.2018 – 75,768 രൂപ

ബിൽ നം. 3/18-19 തി. 21.08.2018 – 36,292 രൂപ

ബിൽ നം. 4/18-19 തി. 27.09.2018 – 36,350 രൂപ

ബിൽ നം. 5/18-19 തി. 21.11.2018 – 57,700 രൂപ

ബിൽ നം. 6/18-19 തി. 05.02.2019 – 21,320 രൂപ

ബിൽ നം. 7/18-19 തി. 21.02.2019 – 14,590 രൂപ

ബിൽ നം. 8/18-19 തി. 12.03.2019 – 1,49,319 രൂപ

ബിൽ നം. 9/18-19 തി. 12.03.2019 – 1,00,000 രൂപ

ബിൽ നം. 10/18-19 തി. 12.03.2019 – 17,300 രൂപ

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പരിരക്ഷാ പദ്ധതിക്കായി ദിവസ വാടകക്ക് വാഹനം ഓടിയതിന് ശ്രീ.ടി പി ഹംസ എന്നയാൾക്ക്

1,69,100 രൂപ നൽകിയിട്ടുണ്ട് എന്നാൽ എപ്രകാരമാണ് ടിയാനെ പ്രസ്തുത സേവനത്തിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല.വാഹനം തെരഞ്ഞെടുക്കുന്നതിന് ക്വട്ടേഷൻ, ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പർച്ചേസിങ് കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത തെരഞ്ഞെടുപ്പിന് ഗ്രാമപഞ്ചായത്തിലെ പർച്ചേസിങ് കമ്മറ്റിയുടെ അനുവാദമില്ല എന്ന് വ്യക്തമായി. ഗ്രാമപഞ്ചായത്ത് അറിയാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തിച്ചിട്ടുള്ളത്.

2)തെരഞ്ഞെടുത്ത വ്യക്തിയുമായി പ്രതിദിനം സഞ്ചരിക്കേണ്ട ദൂരത്തിനനുസരിച്ച് നിരക്ക് നിശ്ചയിച്ച് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല. എല്ലാ യാത്രകൾക്കും 1100 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത് .ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ ഒരു ട്രിപ്പ് ഷീറ്റിലും സഞ്ചരിച്ച ദൂരം രേഖപ്പെടുത്തിയിട്ടില്ല.പുതുക്കിയ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം 45 കിലോമീറ്ററിലധികം വാഹനം സഞ്ചരിക്കുന്ന അവസ്ഥയിൽ മാത്രമാണ് 1100 രൂപക്ക് അർഹതയുള്ളത്.

3)ഹോം കെയർ ടീമിന്റെ വിവരം,പദ്ധതിയിൽ ഉൾപ്പെട്ട രോഗികളുടെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി നിർണ്ണായക പങ്കുവഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2018-19വർഷത്തിൽ രണ്ടുതവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളത്.പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

5)മേൽ ഉത്തരവ് പ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ദിവസങ്ങളിൽ Home care visit നടത്തേണ്ടതാണ്.മാസത്തിൽ 16ഉം ആയത് പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 192 ദിവസങ്ങളിലെങ്കിലും സന്ദർശനം നടത്തേണ്ടതായിരുന്നു.എന്നാൽ രേഖകൾ പരിശോധിച്ചതിൽ ആകെ 152സന്ദർശനമാണ് നടത്തിയിട്ടുള്ളത്.ജനവരി 2019ൽ സഞ്ചരിച്ചതിന് വാഹനവാടക നൽകിയിട്ടില്ല. 09.12.2018 ന് ശേഷം ഹോംകെയർ പ്രവർത്തനം നടത്തിയതിന്റെ വിവരം (ഹോംകെയർ രജിസ്റ്റർ)പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6)ബിൽ നം. 9/18-19 തി. 12.03.2019പ്രകാരം 1,00,000 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മുൻകൂറായി നൽകിയിട്ടുണ്ട്.എന്നാൽ 21,636 രൂപക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഇനിയും ലഭ്യമാക്കിയിട്ടില്ല. 78,364 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമായത്.

ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കൂടാതെ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കണ്ടില്ല.

അപാകതകൾക്ക്മറുപടിലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 19/13.12.19) മറുപടി ലഭ്യമാക്കിയില്ല.പദ്ധതിക്കായി വിനിയോഗിച്ച 5,38,639 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 ഇ എം എസ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തില്ല.

2011-12 സാമ്പത്തിക വർഷത്തിന് മുൻപ് ഇ എം എസ് ഭവനപദ്ധതി പ്രകാരം ധനസഹായം അനുവദിച്ച താഴെ പറയുന്ന ഭവനങ്ങൾ 12.12.19 നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

1) സുബ്രഹ്മണ്യൻ തിരുത്തിയിൽ,കാഞ്ഞിരംപാടം ,കാപ്പിൽ പി ഒ

ശ്രീ. സുബ്രഹ്മണ്യന് ഇ എം എസ് ഭവനപദ്ധതി പ്രകാരം മൂന്ന് ഗഡുക്കൾ(യഥാക്രമം 22,500 രൂപ ,30,000 രൂപ, 15,000 രൂപ എന്നിങ്ങനെ ) അനുവദിച്ചിട്ടുണ്ടെന്ന് 2011-12,2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3-21 ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. നേരിൽ പരിശോധന നടത്തിയതിൽ ടിയാൻ ഭവനനിർമ്മാണത്തിന് മേൽ തുക മാത്രമെ ലഭിച്ചിട്ടുള്ളുവെന്നും, മുഴുവൻ തുകയും (75,000 രൂപ ) അനുവദിച്ചിട്ടില്ലായെന്നും. ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും, പിന്നീട് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ധനസഹായം അനുവദിച്ചിട്ടില്ലെന്നും കണ്ടെത്തി.ടിയാൻ പിന്നീട് ഇ എം എസ് ഭവനപദ്ധതി പ്രകാരം പാതി നിർമ്മിച്ച വീട് കാലപഴക്കം മൂലം വാസയോഗ്യമാക്കാൻ ആവാത്തത് മൂലം പൊളിച്ചുകളഞ്ഞുവെന്നും, തൽസ്ഥാനത്ത് നാട്ടുകാരുടെ സഹായത്താൽ നിർമ്മിച്ചതാണ് നിലവിൽ താമസിക്കുന്ന പണി പൂർത്തീകരിക്കാത്ത ചെറുഭവനമെന്ന് വെളിപ്പെടുത്തി.കൈപ്പറ്റിയ തുക തിരികെ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയിട്ടിലെന്നും വ്യക്തമായി .

ഇ എം എസ് ഭവനപദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, ടിയാന് മുഴവൻ തുകയും അനുവദിച്ചതായും ഭവനനിർമ്മാണം പൂർത്തീകരിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ തെറ്റായി രേഖപ്പെടുത്തിയത് കണ്ടെത്തി.

2) ആമിന മാട്ടുമ്മൽ,കാഞ്ഞിരംപാടം,കാപ്പിൽ (പി ഒ)

ശ്രീമതി.ആമിനക്ക് ഇ എം എസ് ഭവനപദ്ധതി പ്രകാരം രണ്ട് ഗഡുകൾ(യഥാക്രമം 22,500 രൂപ ,30,000 രൂപ എന്നിങ്ങനെ ) അനുവദിച്ചിട്ടുണ്ടെന്ന് 2011-12,2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3-21 ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.നേരിൽ പരിശോധന നടത്തിയതിൽ ശ്രീമതി.ആമിന ഭവനനിർമ്മാണത്തിന് ശ്രമിക്കാതെ നിലവിലെ ഭവനത്തിന് മുൻഭാഗത്ത് പുതിയതായി വരാന്തപണിത് ഉപയോഗിച്ചുവരികയാണെന്ന് വ്യക്തമായി.പിന്നീട് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ

ധനസഹായം അനുവദിച്ചിട്ടില്ലെന്നും കണ്ടെത്തി.കൈപ്പറ്റിയ തുക തിരികെ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയിട്ടിലെന്നും വ്യക്തമായി.

ഇ എം എസ് ഭവനപദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, ടിയാന് മുഴുവൻ തുകയും അനുവദിച്ചതായും ഭവനനിർമ്മാണം പൂർത്തീകരിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ തെറ്റായി രേഖപ്പെടുത്തിയത് കണ്ടെത്തി.

2011-12,2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3-21 ൽ ഇ എം എസ് ഭവനപദ്ധതി പ്രകാരം അനുവദിച്ച 13 ഭവനങ്ങൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്.ആയതിൽ മൂന്ന് ഭവനങ്ങളിൽ മാത്രമാണ് ഓഡിറ്റ് ടീം പരിശോധന നടത്തിയത് (ശ്രീമതി. സാവിത്രി അടങ്ങുംപുറത്ത് കാപ്പിൽ (പി ഒ)എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചത് കണ്ടെത്തി).
സ്ഥലപരിശോധന നടത്തുകയോ,ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യാതെ, രജിസ്റ്ററിൽ മുഴുവൻ തുകയും അനുവദിച്ചതായും ഭവനനിർമ്മാണം പൂർത്തീകരിച്ചതായും രേഖപ്പെടുത്തി നടപടി അവസാനിപ്പിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി തീർത്തും നിരുത്തരപാദപരവും,പൊതുപണം ദുരുപയോഗം ചെയ്യുന്നതിന് തുല്യവുമാണ്.

മേൽ 13 ഭവനങ്ങളിൽ അവശേഷിച്ച 10 ഭവനങ്ങളിലും സ്ഥലപരിശോധന നടത്തി, ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും (ഉദാ.ആമിന മാട്ടുമ്മൽ)പലിശ സഹിതം അനുവദിച്ച ഗഡുക്കൾ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ,വീഴ്ചക്ക് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ധനാപഹരണം നടത്തിയിട്ടുണ്ടോയെന്ന് പരിശോധനാവിധേയമാക്കേണ്ടതും,തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/13.12.19)

## 1-30 വൃദ്ധർക്ക് കട്ടിൽ -ഒരേ സമയത്ത് നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ വ്യത്യസ്ത വില നൽകി

1-പ്രൊജക്റ്റ് നം.56/19 (എസ്.സി)

വൃദ്ധർക്ക് കട്ടിൽ(എസ്.സി)

വിനിയോഗിച്ച തുക – 3,56,400 രൂപ

ബിൽ നം.24/18-19/7.03.19 – 97,200 രൂപ

ബിൽ നം.21/18-19/27.02.19 – 2,59,200 രൂപ

നിർവ്വഹണം-അസി.സെക്രട്ടറി

2-പ്രൊജക്റ്റ് നം.57/19

വൃദ്ധർക്ക് കട്ടിൽ(എസ്.റ്റി)

വിനിയോഗിച്ച തുക – 68,850 രൂപ

ബിൽ നം.18/18-19/27.02.19- 68,850 രൂപ

നിർവ്വഹണം-അസി.സെക്രട്ടറി

3) പ്രൊജക്റ്റ് നം.22/19

വൃദ്ധർക്ക് കട്ടിൽ (ജനറൽ)

വിനിയോഗിച്ച തുക – 10,82,500 രൂപ

ബിൽ നം.11/18-19/11.03.19- 10,82,500 രൂപ

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ ക്രമനം. (1),(2) പ്രൊജക്ടുകൾക്കും (നിർവ്വഹണം-അസി.സെക്രട്ടറി) ഇ-ടെണ്ടർ ക്ഷണിക്കുകയും 14ടെണ്ടറുകൾ ലഭിച്ചവരിൽ നിന്നും സാമ്പിളുകൾ ലഭ്യമാക്കുകയും,ആയത് ശരിയായി ഗുണനിലവാരം പരിശോധിച്ച് ഒരു ദാതാവിനെ തെരഞ്ഞെടുത്താണ് കട്ടിൽ വാങ്ങിയിട്ടുള്ളത്.മേൽ ക്രമനം.മൂന്ന് പ്രോജക്റ്റിൽ ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് നേരിട്ടുവാങ്ങുവാൻ വ്യവസ്ഥയുള്ളത് ഉപയോഗിച്ച് ടെണ്ടർ കൂടാതെയാണ് കട്ടിൽ വാങ്ങിയിട്ടുള്ളത് .

കട്ടിൽ ഒന്നിന് 4050 രൂപ നിരക്കിലാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ടു പ്രോജക്റ്റുകളിലേക്കും കട്ടിൽ വാങ്ങിയിട്ടുള്ളത്.കട്ടിൽ ഒന്നിന് 4330 രൂപ നിരക്കിൽ 250 എണ്ണം കട്ടിലുകളാണ് വൃദ്ധർക്ക് കട്ടിൽ (ജനറൽ) പദ്ധതിക്കായി വാങ്ങിയിട്ടുള്ളത്.ഒരേ സാധനങ്ങൾ വാങ്ങി നൽകുന്നതിന് ഒരേ കാലയളവിൽ നിർവ്വഹണം ചെയ്യപ്പെട്ട പ്രൊജക്ടുകളിൽ വ്യത്യസ്തമായ വില നൽകേണ്ടി വന്നു. മേൽ മൂന്ന് പ്രൊജക്ടുകളും ചേർത്ത് ഒരു ടെണ്ടർ ആയിരുന്നുവെങ്കിൽ വില വ്യത്യാസമില്ലാതെ സാധനം ലഭ്യമാവുമായിരുന്നു. മൂന്നാമത്തെ പ്രൊജക്ടിൽ 70,000 (250*280) രൂപ അധികം നൽകേണ്ടി വന്നു. പൊതുഫണ്ട് ചെലവഴിക്കുമ്പോൾ സൂക്ഷ്മതയും, സുതാര്യതയും പുലർത്തേണ്ടതാണ്. വ്യക്തമായ ആസൂത്രണം പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-31 അനുപൂരക പോഷകാഹാരം പദ്ധതി (എ സി ) – ഫണ്ട് വിനിയോഗം ഫലപ്രദമായല്ല.

പ്രോജക്റ്റ് നം. 24/19

അംഗണവാടി അനുപൂരക പോഷകാഹാരം പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 24,89,020രൂപ (പ്ളാൻ - എസ് സി പി )

ബിൽ നം. 2/18-19 തി. 26.07.18 – 11,13,254 രൂപ

ബിൽ നം. 12/18-19 തി. 19.02.19 – 6,38,409 രൂപ

ബിൽ നം. 14/18-19 തി. 19.03.19 – 2,48,337 രൂപ

ചെക്ക് നം. 1970590/14.03.19 – 13,759 രൂപ

ചെക്ക് നം. 1970582/13.02.19 – 3,26,858 രൂപ

ചെക്ക് നം. 1970589/14.03.19 – 1,48,403 രൂപ

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

സബ് സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)നം.22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018 പ്രകാരം എസ് സി പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരി ക്കേണ്ടതാണ് . 2018-19 വർഷത്തിൽ മേൽ പദ്ധതി പൊതു വിഭാഗത്തിനുള്ള അംഗണവാടി അനുപൂരക പോഷകാഹാരം പദ്ധതിയോടൊപ്പം നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.ഗ്രാമപഞ്ചായത്തിലെ 50 അംഗണവാടികളിലെയും ആനുകൂല്യം കൈപ്പറ്റിയ പട്ടികവിഭാഗക്കാരായ ഗുണഭോക്താക്കളുടെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയത് പരിശോധിച്ചതിൽ ഈ വിഭാഗക്കാരുടെ എണ്ണം തുലോം പരിമിതമാണ്. ഇതിൽ നിന്നും പ്രോജക്റ്റിനായി തുക വകയിരുത്തിയത് ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെയാണ് എന്ന് വ്യക്തമാണ്.

പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഇത്തരം പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല. ക്ഷേമകാര്യ

സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലും കാര്യക്ഷമമല്ല.

എസ് സി പി/ടി എസ് പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികവിഭാഗത്തിൽ പ്പെട്ടവരായിരിക്കേണ്ടതാണെന്ന് ഉറപ്പാക്കാനാവാത്ത സാഹചര്യത്തിൽ ഇത്തരം പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നത് പരിശോധനാവിധേയമാക്കേണ്ടതാണ്.2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും വിവരം ചൂണ്ടിക്കാട്ടിയിട്ടുള്ളതും പരിഗണിച്ചില്ല.പൊതുഫണ്ട് ചെലവഴിക്കുമ്പോൾ വ്യക്തമായ ആസൂത്രണവും,സൂക്ഷ്മതയും,പുലർത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 23,656/- രൂപ നഷ്ടം.

സ്വകാര്യ ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചെയർമാൻ & ജനറൽ സെക്രട്ടറി, പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രം, വണ്ടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 480 ച.മീറ്റർ തറവിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻസ് വിനിയോഗത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 3 രൂപ / ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ (അസസ്മെന്റ് 3979/18 തിയതി.06.06.2018) 23,656/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | WP 14/761 A |
| തറവിസ്തീർണ്ണം | 480 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 480 x 40) | 19200 രൂപ |
| (-) ഇളവ് - ഇല്ല. | 0 |
| (+) വർദ്ധനവ് - 20 % (റോഡ്) | 3840 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 23040 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1728 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 21312 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (23040 x 5%) | 1152 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 87 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 1065 രൂപ. |
| നിർണ്ണയിക്കേണ്ട സേവനനികുതി (23040 x 6%) | 1383 രൂപ |
| നിർണ്ണയിച്ച സേവനനികുതി | 104 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1279 രൂപ. |
| ആകെ നഷ്ടം (21312 + 1065 + 1279 ) | 23656 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 23,656/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 9/20.12.2019 ന് മറുപടി ലഭ്യമാക്കിയില്ല)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെരുവ് വിളക്ക് പരിപാലനത്തിനു ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി.116578 രൂപ നഷ്ടം .

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തെരുവ് വിളക്ക് പരിപാലനത്തിന് ഒരേ സമയം രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കി. ഓരോ പ്രൊജക്റ്റിന്റെയും നിർവ്വഹണ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രൊജക്റ്റ് നമ്പർ | 281/18-19 (സ്പിൽ ഓവർ) | | 286/18-19, , 308/19-20 (സ്പിൽ ഓവർ) | |
| പ്രൊജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | | വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | |
| അടങ്കൽ . | 495000 (തനത് ഫണ്ട്) | | 200000 (തനത് ഫണ്ട്) | |
| കരാറുകാരൻ | ഷംസുദ്ദീൻ . പി | | ഷംസുദ്ദീൻ . പി | |
| കരാർ നമ്പർ | Sec 1(1) തിയ്യതി 14.12.17 | | 30/18-19 തിയ്യതി 15.5.18 | |
| കരാർ കാലാവധി | ഒരു വർഷം (14.12.17 to 13.12.18) | | ഒരു വർഷം (15.5.18 to 14.5.19) | |
| കരാർ പ്രകാരം റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകൾ | വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും | | വണ്ടൂർ, വാണിയമ്പലം ടൗണുകളിലെ മുഴുവൻ തെരുവ് വിളക്കുകളും | |
| ചെലവ് വിവരം | വൗച്ചർ നമ്പർ | തുക | വൗച്ചർ നമ്പർ | തുക |
| കരാറുകാരനു നൽകിയത്. | 21800390/30.8.18<br>21900383/24.7.19 | 293905<br>193958 | 21900880/11.12.19 | 195774 |
| ആദായ നികുതി | 21800390/30.8.18<br>21900384/24.7.19 | 2969<br>1979 | 21900881/11.12.19 | 1998 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 21900385/24.7.19 | 1979 | 21900882/11.12.19 | 1998 |
| ആകെ | | 494790 | | 199770 |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (281/18-19) എന്ന പ്രൊജക്റ്റിലെ കരാർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ഷംസുദ്ദീൻ . പി വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും 14.12.2017 മുതൽ 13.12.2018 വരെ റിപ്പയർ ചെയ്യുന്നതിന് സമ്മതിച്ച് ഒപ്പ് വെച്ചിട്ടുള്ളതാണ്. ഈ കരാറിൽതന്നെ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ റിപ്പയറിന് ഈ കരാർ നിലനിൽക്കെ ഇതേ വ്യക്തിയുമായി 15.5.2018 ന് മറ്റൊരു പ്രൊജക്റ്റിന്റെ (പ്രൊജക്റ്റ് നമ്പർ 286/18-19) ഭാഗമായി വീണ്ടും കരാർ വെച്ച് പണം നൽകിയത് വഴി ആദ്യ കരാറിന്റെ പ്രാബല്യ കാലാവധിയായ 15.5.2018 മുതൽ 13.12.2018 വരെയുള്ള 213 ദിവസത്തെ ആനുപാതിക ചെലവ് 116578 രൂപ (199770 x 213/365) ഗ്രാമപഞ്ചായത്തിനു ധനനഷ്ടം സംഭവിച്ചിട്ടുണ്ട്.

2. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിലെ ആദ്യബിൽ തുകയായ 296874 രൂപയിൽനിന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്ത് അടവാക്കിയിട്ടില്ല. കരാറുകാരനു അധികം നൽകിയ 2969 രൂപ ഈടാക്കി 1 % കളക്ഷൻ ചാർജ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ച് ബാക്കി തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കേണ്ടതാണ്.

3. വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിനു ശ്രീ. ഷംസുദ്ദീൻ . പി മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഈ ടെണ്ടർ അംഗീകരിക്കുന്നതിനു സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

4. രണ്ട് പ്രൊജക്റ്റുകളിലും പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 15/13.12.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ആദ്യ പ്രൊജക്റ്റിന്റെ ഒന്നാം ഘട്ടം തുടങ്ങിയപ്പോൾ 769 ലൈറ്റുകളുടെ റിപ്പയറിനു മാത്രമേ ഈ പ്രൊജക്റ്റിലെ അടങ്കൽ തികയുകയുള്ളൂ എന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാലാണ് രണ്ടാമത്തെ പ്രൊജക്റ്റ് തയ്യാറാക്കിയത് എന്നറിയിച്ചു. ഈ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

1. ആദ്യ പ്രൊജക്റ്റിന്റെ കരാറിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും റിപ്പയർ ചെയ്യാൻ കരാറുകാരൻ ഉടമ്പടി വെച്ചതാണ്. ഇതിൽ വണ്ടൂർ, വാണിയമ്പലം ടൗണുകളിലെ തെരുവ് വിളക്കുകൾ കൂടി ഉൾപ്പെടുന്നതും അതിൽ റിപ്പയർ ആവശ്യമായവ 13.12.2018 വരെ കരാറുകാരൻ ആദ്യ പ്രൊജക്ട് പ്രകാരം തന്നെ റിപ്പയർ ചെയ്തവയുമാണ്.

2.ആദ്യ കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും റിപ്പയർ ചെയ്യാൻ കഴിയില്ലെന്നു കരാറുകാരൻ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയോ ആതിൻമേൽ സെക്രട്ടറി തുടർനടപടി സ്വീകരിക്കുകയോ ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.
അതിനാൽ

നഷ്ടതുക 116578 രൂപ വണ്ടൂർ - വാണിയമ്പലം ടൗണുകളിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിനു കരാർ വെച്ച് പണം നൽകിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ഹോമിയോ ആശുപത്രി ചുറ്റുമതിൽ നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: ഹോമിയോ ആശുപത്രി ചുറ്റമതിൽ നിർമാണം 367/18, 363/19

അടങ്കൽ: 250000 രൂപ

കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ കെ ടി

കരാർ: 161/AE/LSGD/WDR/68/17-18/23-3-18 ( 0.2% കുറവ് )

അളവ് പുസ്തകം: നംപർ ഇല്ല

ചെലവ്: 249500 രൂപ (ബിൽ 53/18-19/27-11-18)

മൂല്യനിർണ്ണയം: 250000

(-) 0.2% ടെണ്ടർ കുറവ് 500

ബാക്കി: 249500

(-) നികുതി2% 4990

കരാറുകാരന്: 244510

52.90 മീറ്റർ നീളത്തിൽ 1.50 മീറ്റർ ഉയരത്തിൽ മതിൽ നിർമിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. ഇനം (1),(2), (3) എന്നിവ പ്രകാരം 52.90 മീറ്റർ നീളത്തിൽ (left side 17.20, back side 17.95, right side 17.95) മണ്ണ് കിളച്ച് മാറ്റി RR ,DR എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ ആയതിന് മുകളിൽ ചെങ്കൽപടവ് നടത്തിയത് അളവെടുത്തതിൽ മേൽ 52.90 മീറ്റർ നീളത്തിന് പുറമേ മേൽ 52.90 മീറ്റർ നീളത്തിൽ ഉൾപ്പെട്ട gate pillar, inter pillar എന്നിവയുടെ അളവ് വീണ്ടും ചേർത്ത് അളവെടുത്തത് വഴി കരാറുകാരന് അധികത്തുക നൽകിയിട്ടുണ്ട്. 12-12-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിലും മതിലിന്റെ നീളത്തിലുള്ള വ്യത്യാസം നേരിൽ ബോധ്യപ്പെടുകയും ഓവർസീയർ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് .

അധികത്തുകനൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി | 52.90 മീറ്റർ നീളത്തിന് പുറമേ ചെയ്ത അളവ്(നീളം) (അളവ് പുസ്തകപ്രകാരം) | ആകെ അധികം ചെയ്ത അളവ്(മതിൽ വീതി 0.20, ഉയരം 1.50) | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 4 | Laterate masonry (50-6-7-22) | 2*0.35= 0.70<br>8*0.22= 1.76<br>1*0.35= 0.35<br>7*0.22= 1.54<br>1*0.35= 0.35<br>6*0.22= 1.32<br>ആകെ= 6.02 | 6.02*0.20*1.50<br>=1.81 m3 | 6828.11/m3 | 12358.88 രൂപ |
| 5 | 12 mm cement plaster (13-1-1) | 2*8*0.15*1.50=3.60<br>7*2*0.15*1.50=3.15<br>6*2*0.15*1.50=2.70<br>ആകെ= 9.45 | 9.45m2 | 237.37/m2 | 2243.15 രൂപ |
| 6 | Applying cement primer(13-43-1) | 2*8*0.15*1.50=3.60<br>7*2*0.15*1.50=3.15<br>6*2*0.15*1.50=2.70<br>ആകെ= 9.45 | 9.45m2 | 50.71/m2 | 479.21 രൂപ |
| | | | | ആകെ | 15081.24<br>(-) 0.2% below<br>30.16<br>ബാക്കി: 15051 രൂപ |

മേൽ പ്രകാരം അധികം തുക നൽകിയതന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/13-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 15051 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതുമാണ്.

## 3-3 എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| | |
|---|---|
| പ്രവൃത്തി: | എമങ്ങാട് SC കോളനി കുടിവെള്ളകിണർ പുനരുദ്ധാരണം 242/18, 320/19 |
| അടങ്കൽ: | 120000 രൂപ |
| കരാറുകാരൻ: | ശ്രീ ഖാലിദ് പി |
| കരാർ: | 69/AE/LSGD/WDR/17-18/4-12-17 ( 0.3% കുറവ് ) |
| അളവ് പുസ്തകം: | നംപർ ഇല്ല |
| ചെലവ്: | 117763 രൂപ (ബിൽ 45/18-19/10-0-18) |
| മൂല്യനിർണ്ണയം: | 118090.23 |
| (-) 0.3% ടെണ്ടർ കുറവ് | 354.27 |
| ബാക്കി: | 117763 |
| (-) നികുതി2% | 2356 |
| കരാറുകാരന്: | 115407 |

നിലവിലുള്ള കുടിവെള്ളപദ്ധതിയുടെ മോട്ടോർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ളതാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽ പ്രവൃത്തിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ടി ഇനം E4 പ്രകാരം കരാറുകാരന് 12000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ വൈദ്യുതി കണക്ഷൻ ഉള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ടി തുക നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. മാത്രമല്ല, 12000 രൂപയുടെ ചെലവിന്നാധാരമായ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

2) പഴയ മോട്ടോർ എന്ത് ചെയ്തുവെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 22/16-12-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ ക്രമനംപർ (1) പ്രകാരം നൽകിയ 11964രൂപ (12000-0.3%) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. കൂടാതെ ക്രമ നംപർ (2) അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.19 മുതൽ 18.07.2019 വരെ | കെ എസ് എ .എം പി എം 6/1168/19 തി. 22.08.19 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 15,00,000 | ലൈഫ് ഭവനപദ്ധതി -(ജനറൽ ) | 15,00,000 | 0 |
| | 5,55,680 | റോഡ് ടാറിംഗ് | 0 | 5,55,680 |
| മലപ്പുറം ജില്ലാപഞ്ചായത്ത് | 25,18,020 | ലൈഫ് ഭവനപദ്ധതി -( ജനറൽ) | 25,18,020 | 0 |
| | 10,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 10,00,000 | 0 |
| | 9,67,200 | ലൈഫ് ഭവനപദ്ധതി - എസ് സി പി | 20,000 | 9,47,200 |
| | 1,08,054 | ലൈഫ് ഭവനപദ്ധതി - ടി എസ് പി | 1,08,054 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കപ്പൊയിൽ പൈപ്പ് ലൈൻ നീട്ടൽ | 17/18.12.18 | 1,80,000 | 0 | 1,80,000 |
| | പുളിക്കൽ അംഗനവാടി പൈപ്പ് ലൈൻ നീട്ടൽ | 18/18.12.18 | 50,000 | 0 | 50,000 |
| കേരള വാട്ടർ അതോറിറ്റി | അമ്പലപ്പടി ഫാംറോഡ് പൈപ്പ് ലൈൻ നീട്ടൽ | 19/18.12.18 | 60,000 | 0 | 60,000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുളിക്കൽ -പടകാളിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 20/18.12.18 | 30,000 | 0 | 30,000 |
| കേരള വാട്ടർ അതോറിറ്റി | ആറങ്ങോടൻപാറപൈപ്പ് ലൈൻ നീട്ടൽ | 21/18.12.18 | 32,000 | 0 | 32,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ.(എം.എസ്)നം. 2278/LSGD തിയതി 18.08.18 | 25803926 | 0 | 0 | 25803926 |
| 2 | ഇ എം എസ് ഭവനപദ്ധതി | നം. 1090/2010/ തസ്വഭവ | 11737625 | 992425 | 992425 | 0 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പി എം എസ് എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ്,മലപ്പുറം ,ഷെയറുകൾ | 3000 |
| | |
| ആകെ | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1686രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-4(1) | 572 | കുഞ്ഞലവി ചെമ്പ്ര | 118040103529/01.09.18 |
| 2016-17 | 2-4(1) | 1114 | ഷിജു പാലാടൻ | 118040103574/04.09.18 |
| | ആകെ | 1686 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,14,17,979 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 12,02,73,792 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 23,656 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,43,593 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,38,639 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 23,656 | | ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 3-1 | | 1,16,578 | ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 3-2 | | 15,051 | ലയ ഒ പ്രകാശ് ,അസി.എഞ്ചിനീയർ |
| 3-3 | | 11,964 | ലയ ഒ പ്രകാശ് ,അസി.എഞ്ചിനീയർ |
| ആകെ | 23,656 | 1,43,593 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 5,38,639 | ഡോ.ഷീനാലാൽ ,മെഡിക്കൽ ഓഫീസർ (സി എച്ച് സി ) |
| ആകെ | 5,38,639 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി | സെക്രട്ടറി,വണ്ടൂർ ഗ്രാമപഞ്ചായത്ത് | യാക്കിപ്പറമ്പൻ വീട്, വടക്കുംമുറി, ഊർങ്ങാട്ടിരി പി.ഒ., മലപ്പുറം ജില്ല |
| ലയ ഒ പ്രകാശ് ,അസി.എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ,നിലമ്പൂർ മുനിസിപ്പാലിറ്റി | ഹസ്സൻകോട്ടായി ,നിലമ്പൂർ(പി ഒ),മലപ്പുറം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.എം.15/798/98 തീയതി 03-10-1998 | 10 |
| 2. | 1997-98 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 3. | 1998-99 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 4. | 1999-2000 ചെലവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 1 |
| 5. | 1999-2000 വരവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 6. | 2000-01 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 2 |
| 7. | 2001-02 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 8. | 2002-03 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05- | closed |

| | | | |
|---|---|---|---|
| | | 2018 | |
| 9. | 2003-04 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 5 |
| 10. | 2004-05 | എൽ.എഫ്..എം 6/700/10 തീയതി 31-12-2010 | 5 |
| 11. | 2005-06 | എൽ.എഫ്.എം 6/1258/10 തീയതി29-07-2010 | 2 |
| 12. | 2006-07 | എൽ.എഫ്.എം 6/1259/10 തീയതി29-07-2010 | 16 |
| 13. | 2007-08 | എൽ.എഫ്എം 6/1260/10 തീയതി29-07-2010 | closed |
| 14. | 2008-09 | എൽ.എഫ്എം 6/1255/10 തീയതി 10-11-2010 | 10 |
| 15. | 2009-10 | എൽ.എഫ്എം 6/1256/10 തീയതി 11-11-2010 | 23 |
| 16. | 2010-11 | എൽ.എഫ്എം 6/940/12 തീയതി 17-11-2012 | 11 |
| 17. | 2011-12,2012-13 | എൽ.എഫ്എം 6/1377/14 തീയതി 20-09-2014 | 27 |
| 18. | 2013-14 | എൽ.എഫ്എം 6/684/14 തീയതി 08-04-2015 | 11 |
| 19. | 2014-15 | കെ.എസ്.എ.എം.പി.എം.6/550/16തീയതി 07-09-2016 | 11 |
| 20. | 2015-16 | കെ.എസ്.എ.എം.പി.എം.6/2699/16 തീയതി 23-02-2018 | 8 |
| 21. | 2016-17 | കെ.എസ്.എ.എം.പി.എം.6/2412/18തീയതി 17-04-2019 | 20 |
| 22. | 2017-18 | കെ.എസ്.എ.എം.പി.എം.6/238/19തീയതി 09-07-2019 | 21 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.6/1168/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ

അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.